**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 316** **17-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ റൈറ്റ് കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സാർവ്വത്രിക ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന 'എല്ലാവർക്കും റേഷൻ കാർഡ്' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. റേഷൻ കാർഡ് എന്നാൽ റേഷൻ വിതരണത്തിനുള്ള രേഖയാണ്. ഏതാണ്ട് സമ്പൂർണമായി റേഷൻ കാർഡ് കവറേജ് ഉള്ള സംസ്ഥാനമാണ് കേരളം. ആധാർ അധിഷ്ഠിതമായാണ് നിലവിൽ സംസ്ഥാനത്ത് റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 01-11-2016 ൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തുകയും 01-06-2017 മുതൽ NFSA പ്രകാരമുള്ള പുതിയ റേഷൻ കാർഡുകൾ നിലവിൽ വരികയും ചെയ്തു. റേഷൻ കാർഡുകൾ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും, നടപടികൾ സുതാര്യവൽക്കരിക്കുന്നതിനുമായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് . 2018 ജൂലൈ മുതൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും ഓൺലൈൻ വഴിയാണ് സ്വീകരിക്കുന്നത്. 2021 ഫെബ്രുവരി മുതൽ e - Ration card സംവിധാനവും 2021 നവംബർ മുതൽ PVC Ration card സംവിധാനവും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അക്ഷയ സെന്റർ മുഖേനയും സിറ്റിസൺ ലോഗിൻ Portal വഴിയും റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധന നടത്തി 48 മണിക്കൂറിനുള്ളിൽ അപേക്ഷകർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നു. സംസ്ഥാനത്ത് നിലവിൽ ആകെ 9490325 റേഷൻ കാർഡുകൾ നിലവിലുണ്ട്. |
| (ബി) | റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കിയതിലൂടെ എത്ര റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ആധാർ അധിഷ്ഠിതമായാണ് നിലവിൽ സംസ്ഥാനത്ത് റേഷൻ കാർഡുകൾ അനുവദിച്ചുവരുന്നത്. പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തി 48 മണിക്കൂറിനുള്ളിൽ അപേക്ഷകർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻ കാർഡില്ലാത്ത വ്യക്തികൾക്ക് അവരുടെ ആധാർ നമ്പറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് നൽകുകയും വിവിധ കാരണങ്ങളാൽ ആധാർ കാർഡ് എടുക്കുവാൻ കഴിയാത്തവർക്ക് പരിശോധന നടത്തി ബോധ്യപ്പെട്ടശേഷം "Aadhar exception module” പ്രകാരം കാർഡ് നൽകി കാർഡിൽ ഉൾപ്പെടുത്തിവരുന്നു. റേഷൻ കാർഡില്ലാതെ വാടക വീടുകളിൽ താമസിക്കുന്നവർക്ക് സാധുവായ വാടക കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ കൂടാതെ അപേക്ഷകന്റെ സ്വയം സാക്ഷ്യ പത്ര പ്രകാരം കാർഡ് അനുവദിച്ചുവരുന്നു. റോഡ് വക്കിലും, റെയിൽവേ പുറമ്പോക്കിലും, തോട് വക്കിലും ഷെഡ് കെട്ടി താമസിക്കുന്നവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നു.<br><br>(1) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി അനുവദിച്ച പുതിയ റേഷൻ കാർഡുകളുടെഎണ്ണം :-<br>PHH (പിങ്ക്) കാർഡുകൾ - 116343<br>NPNS (വെള്ള) കാർഡുകൾ - 396065<br>NPI (ബ്രൗൺ) കാർഡുകൾ – 8155<br><br>ആകെ 5,20563 പുതിയ കാർഡുകൾ<br><br>(2) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം Convert ചെയ്ത് നൽകിയ റേഷൻ കാർഡുകളുടെ എണ്ണം :-<br>AAY (മഞ്ഞ) കാർഡുകൾ - 55158<br>PHH (പിങ്ക്) കാർഡുകൾ - 4,68628<br><br>ആകെ 523786 കാർഡുകൾ. |
| (സി) | പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവർ, ട്രാൻസ്ജെൻഡറുകൾ, പുറംപോക്ക് ഭൂമിയിൽ താമസിക്കുന്നവർ തുടങ്ങിയവരുടെ ആധാർ രേഖകളുടെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കാർഡ് നൽകുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പാർശ്വവൽകൃത വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യാധാരയിൽ കൊണ്ട് വരുന്നതിനും അവർക്ക് ഭക്ഷ്യഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി വഴിയോരത്തും പുറമ്പോക്കിലും, ഷെഡ് കെട്ടി താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മേൽ പ്രകാരം താമസിക്കുന്ന കുടുംബങ്ങൾക്ക് ബന്ധപ്പെട്ട റേഷനിങ് ഇൻസ്പെക്ടറുടെ അന്വേഷണ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് പ്രകാരം ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ വീട്ടു നമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന കാർഡുകൾ കാലതാമസം കൂടാതെ മുൻഗണനാവിഭാഗത്തിലേക്ക് തരംമാറ്റി നൽകുകയും ചെയ്തുവരുന്നു. |
| (ഡി) | കേരളത്തിൽ സ്ഥിരതാമസമാക്കിയ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും റേഷൻ സാധനങ്ങൾ കൈപ്പറ്റുന്നതിന് റേഷൻ റൈറ്റ് കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് റേഷൻ റൈറ്റ്സ് കാർഡ് നൽകുന്ന നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.<br><br>One Nation One Ration Card (ONORC) പദ്ധതി പ്രകാരം Ration Rights Card (RRC) നൽകുന്നതിനായി അന്യ സംസ്ഥാന തൊഴിലാളികളെ - 1.ആധാർ കാർഡോ റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, 2.ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് ഇല്ലാത്തവർ, 3.ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ എന്നിങ്ങനെ മൂന്നു വിഭാഗമായി തിരിക്കുകയും ഇതിൽ ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവരുമായ അന്യസംസ്ഥാന തൊഴിലാളികൾക്കാണ് റേഷൻ റൈറ്റ്സ് കാർഡ് നൽകിയിട്ടുള്ളത്. ആധാർ കാർഡോ റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് ഇല്ലാത്തവർ എന്നിവർക്ക് ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിലേക്കായി താലൂക്ക് അടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരമാവധി അന്യസംസ്ഥാന തൊഴിലാളികളെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 5192 പേർക്ക് റേഷൻ റൈറ്റ്സ് കാർഡ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ